# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 22 | 30.11.2015-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേര

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.പി.എ.മാധവൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 'ഓപ്പറേഷൻ കുബേര' നടപ്പാക്കിയിട്ടുണ്ടോ; | (എ) | നടപ്പാക്കിയിട്ടുണ്ട്. അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും മുദ്രപ്പത്രങ്ങളും ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തു വകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നത് സംസ്ഥാനത്ത് വ്യാപിക്കുകയും ഇതുമൂലം കൂട്ട ആത്മഹത്യകൾ ഉണ്ടാകുന്നതും സാമൂഹിക വിപത്തായി കണ്ടുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കാനായി 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ അമിതപ്പലിശക്കാർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി. സംസ്ഥാനത്ത് 11.05.2014 മുതലാണ് ഓപ്പറേഷൻ കുബേര നടപ്പിലാക്കിയത്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) | അനധികൃത പണമിടപാട് നടത്തപ്പെടുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം നിയമ നടപടികൾക്ക് വിധേയമാക്കി അമിതപ്പലിശ മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുള്ള ഉദ്ദേശ്യലക്ഷ്യം. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ ? | (സി) | ബ്ലേഡ് മാഫിയയ്ക്കെതിരായി നടന്നുവരുന്ന ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമായി നിയമിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയയ്ക്കെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടി |

സ്വീകരിയ്ക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരെ
ചുമതലപ്പെടുത്തിയിരിക്കുന്നു. ജില്ലാ പോലീസ് മേധാവികളെയും, നോഡൽ ഓഫീസർമാരേയും ബന്ധപ്പെടേണ്ട നമ്പരും, ഇ-മെയിൽ ഐഡിയും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തുന്നുണ്ട്. ഇതിനുപുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നുള്ള നിർദ്ദേശവും ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്.

ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 511, 468, 407, 420 വകുപ്പുകൾ പ്രകാരവും, കേരള മണിലെന്റേഴ്സ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരവും, 2012 ലെ കേരള പ്രൊഹിബിഷൻ ഓഫ് ചാർജിംഗ് എക്സോർബിറ്റന്റ് ഇന്ററസ്റ്റ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരവുമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ